ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033
E-mail: secretary@niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
10-04-2018.

നം. 10295/എം.എ.ഇ 2/2018/നി.സെ.

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ ഹോസ്റ്റലിലെ നിള ബ്ലോക്കിലെ ആവശ്യത്തിലേക്കായി വാട്ടർ കൂളർ Hot & Cold (RO+UV) വാട്ടർ പ്യൂരിഫയറോ അതിന് സമാനമായതോ (1 എണ്ണം) സ്ഥാപിക്കുന്നതിന് താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ 23-4-2018 ന് വൈകുന്നേരം 4 മണിക്ക് മുൻപായി നിയമസഭാ ഹോസ്റ്റലിലെ എസ്റ്റേറ്റ് ഓഫീസറുടെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അടുത്തദിവസം രാവിലെ 11.00 മണിക്ക്, ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "വാട്ടർ കൂളർ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നവർക്ക് കരാർ നൽകുന്നതാണ്. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ നികുതികളും ഉൾപ്പെടെ ആയിരിക്കണം. ഓർഡർ ലഭിച്ച് 7 ദിവസത്തിനകം കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും വാട്ടർ കൂളർ നിയമസഭാ ഹോസ്റ്റലിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ, യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ കേരള നിയമസഭാ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

എം.കെ. സുരേന്ദ്രലാൽ
ജോയിന്റ് സെക്രട്ടറി
എസ്റ്റേറ്റ് ഓഫീസർ.

Ay. 10295 10.04.2018